# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### ഗ്രാമീണ പശ്ചാത്തല വികസന നിധിയുടെ പ്രവർത്തനങ്ങൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. റ്റി. 5722 — 27.10.2011 ൽ മറുപടി നൽകേണ്ടിയിരുന്നത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| എ. | ഗ്രാമീണ പശ്ചാത്തല വികസനനിധിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | എ. | ദേശീയ കാർഷികവികസന ബാങ്ക്, ഗ്രാമപ്രദേശങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി 1995-96 മുതൽ ആർ.ഐ.ഡി.എഫ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. 1997-98 മുതൽ (ട്രാഞ്ചെ III ) ഗ്രാമവികസന വകുപ്പ് ബ്ലോക്ക് പഞ്ചായത്തുകളിലൂടെയാണ് ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിപ്രകാരം കാർഷിക മേഖലയിൽ ചെറുകിട ജലസേചനം, ഭൂസംരക്ഷണം, നീർത്തട വികസനം, സാമൂഹ്യജലസേചന സംവിധാനങ്ങൾ, അറവുശാലകൾ, ഫിഷിംഗ് ഹാർബറുകൾ തുടങ്ങിയ പദ്ധതികൾ ഏറ്റെടുക്കാവുന്ന താണ്. സാമൂഹ്യമേഖലയിൽ കുടിവെള്ളം, പൊതുജനാരോഗ്യ കേന്ദ്രങ്ങൾ, സാനിട്ടറി കോംപ്ലക്സുകൾ, അംഗൻവാടി സെന്ററുകൾ മുതലായവയും ഏറ്റെടുക്കാവുന്നതാണ്. ഗ്രാമീണ ഗതാഗത മേഖലയിൽ ഗ്രാമീണ റോഡുകളും പാലങ്ങളും ഈ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്.<br><br>കാർഷികമേഖലകളിലെ പ്രോജക്ടുകൾക്ക് 95% വും സോഷ്യൽ സെക്ടർ പ്രോജക്ടുകൾക്ക് 85% വും റോഡ്, പാലം തുടങ്ങിയവയ്ക്ക് 80% - വും നബാർഡ് വായ്പയായി അനുവദിക്കുന്നു. ബാക്കി വരുന്ന യഥാക്രമം 5%, 15%, 20% തുകകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ grant in aid - ൽ നിന്നും നീക്കി വച്ചുകൊണ്ടാണ് ഈ പദ്ധതികൾ ഏറ്റെടുക്കുന്നത്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി എസ്.എൽ.ഇ.സി ആണ് സംസ്ഥാനതലത്തിൽ ആർ.ഐ.ഡി.എഫ്. പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്നത്.<br><br>സംസ്ഥാന ധനകാര്യ വകുപ്പാണ് പദ്ധതിയുടെ നോഡൽ ഡിപ്പാർട്ട്മെന്റ്. വായ്പാ തുക നിലവിലുള്ള പലിശ സഹിതം സർക്കാർ തിരിച്ചടയ്ക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| ബി. | പുനർവായ്പാ സഹായ വിതരണം, ഗ്രാമീണ റോഡുകൾ, വെള്ളക്കെട്ട് പ്രദേശങ്ങൾ കൃഷി യോഗ്യമാക്കൽ, ഉൾനാടൻ ഗതാഗതം, വിനോദസഞ്ചാര പ്രാധാന്യമുള്ള റോഡുകൾ, ഗ്രാമീണ വിപണന കേന്ദ്രങ്ങൾ എന്നീ മേഖലകളിൽ ഇപ്രകാരം എത്ര തുകയുടെ പ്രവൃത്തികൾ നടന്നിട്ടുണ്ട്; | ബി. | നിലവിൽ പ്രവൃത്തികൾ നടക്കുന്ന ട്രാഞ്ചെ XI (2005-2006) മുതൽ XVI (2010-2011) വരെയുള്ള പ്രവൃത്തികൾക്ക് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള 60.50 കോടി രൂപയുടെ നബാർഡ് സഹായത്തിൽ 33.14 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.. ജില്ലാ പഞ്ചായത്തുകൾ മുഖേന ട്രാഞ്ചെ XI മുതൽ XVI വരെയുള്ള പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള 68 കോടി രൂപയുടെ നബാർഡ് സഹായത്തിൽ 37.64 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| സി. | അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ? | സി. | അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം [illegible]യിൽ ലഭ്യമാണ്